**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1137** | **29-08-2022 - ൽ മറുപടിയ്ക്ക്**

**പാലുൽപന്നങ്ങളുടെ മേൽ ജി.എസ്.ടി.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ .സി .ബാലകൃഷ്ണൻ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | പാലുൽപന്നങ്ങളുടെ മേൽ ജി.എസ്.ടി. ചുമത്തിയതിന്റെ അടിസ്ഥാനത്തിൽ മിൽമ പാൽ ഉൽപ്പന്നങ്ങൾക്ക് വില വർദ്ധിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; | (എ) | 18.07.2022 മുതൽ ജി.എസ്.ടി ചുമത്തിയ ഉൽപ്പന്നങ്ങളായ തൈര്, ലസ്സി, സംഭാരം, കപ്കർഡ് എന്നീ ഫെർമന്റഡ് ഉൽപന്നങ്ങൾക്കാണ് ജി.എസ്.ടി. ചുമത്തിയതിനു ശേഷം വില വർദ്ധിപ്പിച്ചിട്ടുള്ളത്. വിപണിയിലെ മത്സരം നില നിർത്തുന്നതിനുവേണ്ടി ചില ഉല്പന്നങ്ങളുടെ വിലയിൽ മാറ്റം വരുത്താതെ അളവിൽ ചെറിയ കുറവ് വരുത്തിയിട്ടുണ്ട്. ഈ രീതിയൽ വില വ്യത്യാസം വരുത്തിയ ഉല്പന്നങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു. |

**PRICE STRUCTURE AS ON 18.07-2022 inclusive o GST**

| Sl No | Name of Product | MRP | Revised MRP |
|---|---|---|---|
| 1 | Curd in cup (Toned Milk) 400 g | 60.00 | 65.00 |
| 2 | Curd in cup (Toned milk) 200 g | 30.00 | 35.00 |
| 3 | Curd cup (Toned Milk) 80 g | 10.00 | 12.00 |
| 4 | Curd cup (Toned Milk) 40 g | 6.00 | 7.00 |
| 5 | Curd 500 g (Skim Milk) Pouch | 27.00 | 30.00 |
| 6 | Curd 500 g (DT Milk) Pouch | 29.00 | 32.00 |
| 7 | Curd 500(Toned Milk) Pouch | 35.00 | 40.00 |
| 8 | Curd 525 Skim Milk Pouch | 30.00 | 32.00 |
| 9 | Skimed Milk Curd 5 KG | 270.00 | 300.00 |
| 10 | Katti moru 1 LTR pet bottle | 50.00 | 55.00 |
| 11 | Katti moru 500 ml pet | 30.00 | 33.00 |

<table>
<tr>
<td></td>
<td></td>
<td></td>
<td>
<table>
<tr><td></td><td>bottle</td><td></td><td></td></tr>
<tr><td>12</td><td>Katta Thairu 400 g</td><td>45.00</td><td>50.00</td></tr>
<tr><td>13</td><td>Butter Milk 175 ml pouch</td><td>5.00</td><td>5.00</td></tr>
<tr><td>14</td><td>Butter Milk 175 ml (Cup)</td><td>10.00</td><td>10.00</td></tr>
<tr><td>15</td><td>Butter Milk 200ml pouch</td><td>10.00</td><td>10.00</td></tr>
<tr><td>16</td><td>Mango/ Sweet Lassi (Sachet)175ml</td><td>10.00</td><td>10.00</td></tr>
<tr><td>17</td><td>Lassi (pet bottle) 180 ml</td><td>20.00</td><td>20.00</td></tr>
</table>
</td>
</tr>
<tr>
<td>(ബി)</td>
<td>പാലുൽപന്നങ്ങളുടെ വില വർദ്ധിപ്പിക്കുന്നത് ഉൽപ്പന്നങ്ങളുടെ വിപണനത്തെ ബാധിക്കുമോ; വിശദാംശം നൽകുമോ;</td>
<td>(ബി)</td>
<td>18.07.2022 മുതൽ മൂല്യവർദ്ധിത ഉത്പന്നങ്ങളിൽ ജി.എസ്.ടി. ചുമത്തിയതിനു ശേഷം ജി.എസ്.ടി ചുമത്തിയ ഉൽപ്പന്നങ്ങളായ തൈര്, ലസ്സി, സംഭാരം, എന്നിവയുടെ വിൽപ്പന കുറഞ്ഞിട്ടുണ്ട്. വിപണന പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുകയും ക്ഷീരോൽപാദക മേഖലാ യൂണിയനുകളുടെ 83 % ലാഭ വിഹിതവും ക്ഷീരസംഘങ്ങൾ വഴി വിവിധ ആനുകൂല്യങ്ങളായും പാൽവിലയായും കർഷകർക്കാണ് നൽകുന്നത് എന്ന വസ്തുത ഉപഭോക്താക്കൾക്കിടയിൽ പ്രചരിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചതിനു ശേഷം വിൽപ്പനയിൽ വർദ്ധനവ് ഉണ്ടാകുകയും ജി.എസ്.ടി ചുമത്തിയതിന് മുൻപ് ഉണ്ടായിരുന്ന വിൽപ്പന കൈവരിക്കുവാൻ സാധിച്ചിട്ടുമുണ്ട്. എന്നിരുന്നാലും സാഹചര്യങ്ങൾക്കനുസൃതമായ വില്പന വർദ്ധനവ് കൈവരിക്കുവാൻ ആയിട്ടില്ല</td>
</tr>
<tr>
<td>(സി)</td>
<td>പ്രതിസന്ധി നേരിടുന്ന ക്ഷീര കർഷകർക്ക് കൂടുതൽ ആനുകൂല്യങ്ങൾ നൽകുന്നതിന് തയ്യാറാകുമോ; വിശദാംശം നൽകുമോ?</td>
<td>(സി)</td>
<td>നിലവിൽ മിൽമയ്ക്ക് ലഭിക്കുന്ന വിറ്റുവരവിന്റെ 83 ശതമാനവും കർഷകർക്ക് പാൽവിലയായും മറ്റാനുകൂല്യങ്ങളായും നൽകി വരുന്നുണ്ട്. പാൽ ഉല്പന്നങ്ങളുടെ വിപണനത്തിലൂടെ ലഭിക്കുന്ന ലാഭവും ചേർത്താണ് മിൽമയുടെ മേഖലായൂണിയനുകൾ ക്ഷീരകർഷകർക്ക് വേനൽക്കാല ഇൻസെന്റീവ്, ബോണസ്, ഡിവിഡന്റ് എന്നിവ നൽകുന്നത്.</td>
</tr>
</table>

സെക്ഷൻ ഓഫീസർ